# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1086 06.02.2020 ൽ മറുപടിക്ക്**

**ബസ് ഷെൽട്ടറുകളുടെ പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. എം. സി. കമറുദ്ദീൻ** | | **ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) 2015-16-ലെ എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ 17 സ്ഥലങ്ങളിൽ ഹൈടെക് ബസ് ഷെൽട്ടറുകൾ സ്ഥാപിക്കുന്നതിന് സ.ഉ. (സാധാ)നം.339/16/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഭരണാനുമതി നല്കി പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡിനെ ചുമതലപ്പെടുത്തി വർഷങ്ങൾ കഴിഞ്ഞിട്ടും പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കാത്തതു സംബന്ധിച്ച വിശദവിവരം അറിയിക്കാമോ; | എ) | സർക്കാർ ഉത്തരവ് (സാധാ)നമ്പർ. 339/16/ LSGD തീയതി: 28.01.2016 പ്രകാരം മഞ്ചേശ്വരം നിയമസഭാ മണ്ഡലം അതിർത്തിയിൽ ഉൾപ്പെട്ട 17 അംഗീകൃത ബസ്സ്റ്റോപ്പുകളിൽ ആധുനിക ബസ് ഷെൽട്ടറുകൾ നിർമ്മിക്കുന്നതിലേക്ക് 75,14,310/- (എഴുപത്തിഅഞ്ചുലക്ഷത്തി പതിനാലായിരത്തി മുന്നൂറ്റി പത്ത്) രൂപ മതിപ്പ് ചെലവ് നിശ്ചയിച്ച് MLA-ADS 2015-16 പദ്ധതിയിൽ കണക്ക് ശീർഷകം 4515-00-800-96-LAC ADS (NP) ൽ ഉൾപ്പെടുത്തി സർക്കാർ ഭരണാനുമതി നല്കിയിട്ടുള്ളതാണ്. പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് കമ്പനിയെ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ച് സർക്കാരിന്റെ പ്രത്യേക അനുമതിയോടെ ഡിപ്പോസിറ്റ് വർക്കായി പദ്ധതിക്ക് പ്രവർത്തനാനുമതിയും നൽകി.<br><br>പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് വിശദമായ പ്രോജെക്റ്റ് റിപ്പോർട്ടും 17 ബസ് ഷെൽട്ടറുകളുടെ എസ്റ്റിമേറ്റും തയ്യാറാക്കുകയുണ്ടായി. സാങ്കേതിക അനുമതി നമ്പർ 06/TS/MD/PBSKL/2015-16 തീയതി 10.02.2016 പ്രകാരം അനുവദിക്കുകയുണ്ടായി. ടി പ്രവൃത്തിക്ക് കാസർഗോഡ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എഗ്രിമെന്റ് നമ്പർ EE/LSGD/KSG/262/15-16 തീയതി 26.02.2016 പ്രകാരം വർക്ക് |

എഗ്രിമെന്റ് പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് മാനേജിംഗ് ഡയറക്ടറുമായി കരാർ ഒപ്പു വച്ചു. ടി കരാർ പ്രകാരം പൂർത്തീകരണ കാലാവധിയായ 3 മാസം 25.05.2016 ൽ അവസാനിച്ചു. എന്നാൽ, പദ്ധതി നടത്തിപ്പിനായി കമ്പനി ചുമതലപ്പെടുത്തിയ സംയുകത സംരംഭ പാർട്ണർ ആയ M/s.Green Traders യഥാസമയം പ്രവൃത്തി പൂർത്തീകരിക്കുന്നതിന് വീഴ്ച വരുത്തിയിട്ടുള്ളതാണ്. ആയതിനാൽ ടി സ്ഥാപനത്തിനെതിരെ 12.12.2018 ന് ഫൈനൽ നോട്ടീസ് നൽകുകയുണ്ടായി.

ബി) പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും പ്രസ്തുത ഏജൻസിയുമായുള്ള കരാറിന്റെ വിശദവിവരവും ലഭ്യമാക്കാമോ;

ബി) ടി പ്രവൃത്തികളുടെ നിർവ്വഹണത്തിനായി പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് കമ്പനി താല്പര്യപത്രം ക്ഷണിച്ച് തയ്യാറാക്കിയ എംപാനൽഡ് ലിസ്റ്റിലുള്ള ഗ്രീൻ ട്രേഡേഴ്സ് കമ്പനി (ചീഫ് എക്സിക്യൂട്ടീവ് ശ്രീ.ഷഹനാസ് പാലയ്ക്കൽ) 1061, Index Tower-II, Behind Mahatma College, Valancherry, Malappuram District PIN-676552 എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും പരസ്പരം അംഗീകരിച്ച നിബന്ധനകളോടെ 27.02.2016 ന് കരാർ നമ്പർ PBSKL/GT/JV agreement dated: 27.02.2016) ഒപ്പുവയ്ക്കുകയും ടി പ്രവൃത്തിയുടെ നിർവ്വഹണ ചുമതല ഗ്രീൻ ട്രേഡേഴ്സ് എന്ന സ്ഥാപനത്തെ ഏൽപ്പിക്കുകയും ചെയ്തു . ടി കരാർ അനുസരിച്ച് എസ്റ്റിമേറ്റ് തുക പ്രകാരമുള്ള പ്രവൃത്തികൾ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി കമ്പനി ഏർപ്പെട്ടിട്ടുള്ള വ്യവസ്ഥകൾ പ്രകാരം പൂർത്തിയാക്കുവാൻ JV പാർട്ണർ സ്ഥാപനം ബാധ്യസ്ഥമാണ് .

സി) പ്രസ്തുത ഏജൻസിയ്ക്ക് അഡ്വാൻസ് തുക നല്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

സി) അഡ്വാൻസ് തുക ഇനത്തിൽ പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കമ്പനിക്ക് 18,75,500/- (പതിനെട്ട് ലക്ഷത്തി എഴുപത്തി അയ്യായിരത്തി അഞ്ഞൂറ് രൂപ) കാസർഗോഡ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ അനുവദിക്കുകയും, ടി തുക (18.75 ലക്ഷം) 04.10.2016 ന് സംയുകത സംരംഭ പാർട്ണർ യഥാസ്ഥാപനത്തിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. ഷഹനാസ്

| | | | |
|---|---|---|---|
| | | | പാലയ്ക്കലിന് പ്രവൃത്തി നിർവ്വഹണത്തിനായി നൽകുകയും ചെയ്യുകയുണ്ടായി. |
| ഡി) | പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് ഏറ്റെടുത്ത പ്രസ്തുത പ്രവൃത്തി കാലങ്ങളായി പൂർത്തിയാക്കാതെ ഇക്കാര്യത്തിൽ ഗുരുതരമായ വീഴ്ച വരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഡി) | പ്രവൃത്തി പൂർത്തിയാക്കുന്നതിൽ സംയുക്ത സംരംഭ പാർട്ണർ സ്ഥാപനം വീഴ്ച്ച വരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിയമസഭാ തെരഞ്ഞെടുപ്പ് (2016 KLA) സംബന്ധിച്ച് പെരുമാറ്റച്ചട്ടം പ്രാബല്യത്തിലുണ്ടായിരുന്നതിനാൽ ഈ പ്രവൃത്തികളുടെ നിർവ്വഹണം യഥാസമയം തുടങ്ങുവാൻ കഴിഞ്ഞില്ല. കരാർ പ്രകാരമുള്ള 17 ബസ് ഷെൽട്ടറുകളിൽ താഴെപ്പറയുന്ന 4 എണ്ണം പൂർത്തീകരിച്ചിട്ടുള്ളതാണ്.<br><br>1. Sl.No.4 മുട്ടം ജംഗ്ഷൻ, മംഗൽപാടി പഞ്ചായത്ത്<br>2. Sl.No.5 നയാബസാർ, മംഗൽപാടി ഗ്രാമപഞ്ചായത്ത്<br>3. Sl.No.6 മംഗൽ പാടി ഗ്രാമപഞ്ചായത്ത്<br>4. Sl.No.9 ആരിക്കാടി സ്റ്റോപ്പ് കുമ്പള ഗ്രാമപഞ്ചായത്ത്<br><br>ടി ഷെൽട്ടറിന്റെ നെയിംബോർഡ് സ്ഥാപിക്കുന്നതിൽ എം.എൽ.എ (യശശരീരനായ ശ്രീ.പി.ബി.അബ്ദുൾ റസാക്ക് മുൻ എം.എൽ.എ) ബോർഡ് മാറ്റർ-ഡിസ് പ്ലേ കൈമാറാൻ താമസമുണ്ടയ തിനാൽ നെയിംബോർഡ് സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടില്ല. ബാക്കി 13 ബസ് ഷെൽട്ടറുകൾ പൂർത്തീകരിച്ചതായി കാണുന്നില്ല. |
| ഇ) | അന്തരിച്ച മുൻ മഞ്ചേശ്വരം എം.എൽ.എ. പി.ബി.അബ്ദുൽ റസാക്ക് ഇതുസംബന്ധിച്ച് പലതവണ പരാതി നല്കിയിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 18.06.2018, 14.08.2018 എന്നീ തീയതികളിലെ ബഹു: മുൻ എം.എൽ.എ ശ്രീ.അബ്ദുൾ റസാക്ക് അവർകളുടെ പരാതിയിന്മേൽ ബഹു: പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി സമക്ഷം 10.07.2018ന് മറുപടി സമർപ്പിച്ചിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| എഫ്) | ബസ് ഷെൽട്ടറുകളുടെ പ്രവൃത്തി സമയബന്ധിതമായി ഇനിയെങ്കിലും പൂർത്തിയാക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ? | എഫ്) | പ്രതീക്ഷാ ബസ് ഷെൽട്ടർ കേരള ലിമിറ്റഡ് 12.12.2018 ന് സംയുക്ത സംരഭ പാർട്ണർക്ക് ഫൈനൽ നോട്ടീസ് കൊടുത്തു. 2019 ജൂൺ മാസം 16 ന് സംയുക്ത സംരംഭ പാർട്ണർ ശ്രീ.ഷഹനാസ് പാലയ്ക്കലുമായി പ്രതീക്ഷാ മാനേജിംഗ് ഡയറക്ടർ കൂടിക്കാഴ്ച്ച നടത്തുകയുണ്ടായി. പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കരാറുകാരൻ വരുത്തിയ ഗുരുതരമായ വീഴ്ച്ചയ്ക്ക് ടിയാനെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ